9 (2387) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി നടപ്പിലാക്കുന്ന വിദ്യാഭ്യാസ പദ്ധതികൾ

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പിന്നോക്ക പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ രംഗത്ത് പുതുതായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഓരോ പദ്ധതിയിലും പെട്ട വിദ്യാർത്ഥികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇപ്രകാരം അനുവദിച്ചിട്ടുള്ളത്;

(സി) ഈ പദ്ധതികൾ നടപ്പിലാക്കിയതിന്റെ ഭാഗമായി ഓരോ വർഷവും എത്രത്തോളം സാമ്പത്തിക ബാദ്ധ്യതയാണ് സർക്കാരിനുണ്ടായിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത ആനുകൂല്യങ്ങളെ സംബന്ധിച്ച് ഈ വിഭാഗത്തിൽപ്പെട്ട കുട്ടികളെ ബോധവാന്മാരാക്കിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ ആയതിലേക്ക് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പുതുതായി നടപ്പിലാക്കിയ പദ്ധതിയുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) വിശദവിവരം അനുബന്ധമായി കാണിച്ചിരിക്കുന്നു.†

(സി) ഈ പദ്ധതികൾ നടപ്പിലാക്കിയതിന്റെ ഭാഗമായി ഓരോ വർഷവുമുണ്ടായ സാമ്പത്തിക ബാദ്ധ്യത ചുവടെ ചേർക്കുന്നു.

1996-97	2613.35 ലക്ഷം രൂപ
1997-98	3586.11 ലക്ഷം രൂപ
1998-99	3639.17 ലക്ഷം രൂപ

(ഡി) ഉണ്ട്.

(ഇ) ബാധകമല്ല.

10 (2388) എസ്.സി./എസ്.ടി വിദ്യാർത്ഥികൾക്ക് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇപ്പോൾ എസ്.സി./എസ്.ടി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായുള്ള എത്ര മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ഉണ്ടെന്നും അവ എവിടെയൊക്കെ പ്രവർത്തിക്കുന്നു എന്നും അറിയിക്കുമോ;

(ബി) ഈ സ്ഥാപനങ്ങളിൽ എത്ര വീതം വിദ്യാർത്ഥികൾക്കാണ് പ്രവേശനം നൽകുന്നതെന്നും ഓരോ വിദ്യാർത്ഥിക്കും എന്തെല്ലാം സൗകര്യ

---

† അനുബന്ധം III, III A

†

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളാണ് നൽകുന്നതെന്നും ഇതിനായി ഓരോ വിദ്യാർത്ഥിക്കും ശരാശരി പ്രതിമാസം എത്ര രൂപ ചെലവഴിക്കപ്പെടുന്നുണ്ടെന്നും അറിയിക്കുമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ താഴെപ്പറയുന്ന 9 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നു.

1. തിരുവനന്തപുരം	-	കട്ടേല
2. പത്തനംതിട്ട	-	കടമ്മനിട്ട
3. ഇടുക്കി	-	മൂന്നാർ
4. തൃശ്ശൂർ	-	ചാലക്കുടി
5. വയനാട്	-	നല്ലൂർനാട്
6. വയനാട്	-	കല്പറ്റ
7. പാലക്കാട്	-	അട്ടപ്പാടി
8. കണ്ണൂർ	-	കണ്ണൂർ
9. കാസർഗോഡ്	-	കാസർഗോഡ്

ഇതിനു പുറമെ പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ എറണാകുളത്തും, പാലക്കാട്ടും രണ്ട് മോഡൽ റസിഡൻഷ്യൽ സ്കൂളുകളും പ്രവർത്തിക്കുന്നു.

(ബി) ഈ സ്ഥാപനങ്ങളിൽ 5-ാം ക്ലാസ് മുതൽ ഓരോ ക്ലാസിലും 30 കുട്ടികൾക്ക് വീതമാണ് പ്രവേശനം നൽകുന്നത്. ഒരു കുട്ടിക്ക് ശരാശരി പ്രതിമാസം 500 രൂപയിലധികം ചെലവ് വരുന്നുണ്ട്. വിദ്യാർത്ഥികൾക്ക് സൗജന്യ മെസ്സ്, യൂണിഫോമും മറ്റു വസ്ത്രങ്ങളും, സോപ്പ്, എണ്ണ മുതലായവ, ചികിത്സാ സൗകര്യം, പുസ്തകങ്ങളും നോട്ടുബുക്കുകളും എന്നിവ നൽകുന്നു. ഇതു കൂടാതെ ഹയർ സെക്കണ്ടറി കുട്ടികൾക്ക് എൻട്രൻസ് പരീക്ഷ എഴുതാനുള്ള പരിശീലനം നൽകിവരുന്നു.

11 (2389) പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള ഹോസ്റ്റലുകൾ

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള ഹോസ്റ്റലുകളിൽ എത്ര വിദ്യാർത്ഥികൾ താമസിച്ച് പഠിക്കുന്നു;

(ബി) പൊതു പരീക്ഷകളിൽ ഈ വിദ്യാർത്ഥികളുടെ വിജയശതമാനം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ അഞ്ചു വർഷങ്ങളിലെ ഈ ഹോസ്റ്റലുകളിലെ വിജയശതമാനം എത്രയായിരുന്നു;

(ഡി) വിജയതോതു കുറവാണെങ്കിൽ വിജയശതമാനം വർദ്ധിപ്പിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണ്?

LIBRARY ARCHIVES Kerala Legislative Assembly